# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 212 | 27.06.2011 ൽ മറുപടിക്ക്

## ട്രഷറിയുടെ വെയ്സ് ആന്റ് മീൻസ് സ്ഥിതി

**ചോദ്യം**

ഡോ. റ്റി.എം. തോമസ് ഐസക്

**ഉത്തരം**

ശ്രീ. കെ.എം. മാണി

ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ.) | 2011 ൽ മാർച്ച് 31 ൽ സംസ്ഥാനത്തിന്റെ ട്രഷറിയുടെ വെയ്സ് ആന്റ് മീൻസ് സ്ഥിതി എന്തായിരുന്നു ; 2010-11 സാമ്പത്തിക വർഷം സംസ്ഥാനം എത്ര ദിവസം ഓവർഡ്രാഫ്റ്റിലായിരുന്നു ; സംസ്ഥാനം എത്ര ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട് ; | 2011 മാർച്ച് 31 ൽ സംസ്ഥാന സർക്കാർ കണക്കിൽ മിച്ചമുണ്ടായിരുന്ന 3513.7 കോടി രൂപ ട്രഷറി ബില്ലുകളിൽ നിക്ഷേപിച്ചിരുന്നു. 2010-11 സാമ്പത്തിക വർഷം സംസ്ഥാനസർക്കാർ വെയ്സ് ആന്റ് മീൻസ് അഡ്വാൻസും ഓവർ ഡ്രാഫ്റ്റും എടുത്തിട്ടില്ല. |
| (ബി.) | 2005-06 ൽ എത്ര ദിവസം ഓവർ ഡ്രാഫ്റ്റിലായിരുന്നു ; എത്ര ദിവസം വെയ്സ് ആന്റ് മീൻസ് അഡ്വാൻസിലായിരുന്നു എന്ന് വെളിപ്പെടുത്താമോ ; | വെയ്സ് ആന്റ് മീൻസ് — 182 ദിവസം<br>ഓവർ ഡ്രാഫ്റ്റ് — 61 ദിവസം |
| (സി.) | 2006 മേയ് 18 ന് കരാറുകൾക്ക് കൊടുത്തു തീർക്കാനുള്ള തുക എത്രയായിരുന്നു ; 2011 ഏപ്രിൽ 1 ന് കുടിശ്ശിക എത്രയായിരുന്നു ? | 2006 മെയ് 18 ന് കരാറുകൾക്ക് കുടിശ്ശിക ഇനത്തിൽ 951.41 കോടി രൂപ കൊടുത്തു തീർക്കാനുണ്ടായിരുന്നു. [പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വകുപ്പില 677.74 കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 86.15 കോടി രൂപയും, ജലവിഭവ വകുപ്പിൽ 187.52 കോടി രൂപയും].<br>01.04.2011 ൽ കരാറുകൾക്ക് കുടിശ്ശിക ഇനത്തിൽ 187.24 കോടി രൂപ കൊടുത്തു തീർക്കാനുണ്ടായിരുന്നു. [പൊതുമരാമത്ത് (റോഡുകളും പാലങ്ങളും) വകുപ്പില് 110.23 കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 56.22 കോടി രൂപയും, ജലവിഭവ വകുപ്പിൽ 20.79 കോടി രൂപയും]. |

ജോയിന്റ് സെക്രട്ടറി